തീയതി-15-07-2017

027265

പ്രേഷകൻ

സെലിൻ ജോസ്
പൊട്ടയ്ക്കൽ
54
കണ്ണോത്ത് , കോടഞ്ചേരി
കോഴിക്കോട്-673580
ഫോൺ-9633310886

OFFICE OF THE DIRECTOR OF SOCIAL JUSTICE
19 JUL 2017
TRIVANDRUM

സ്വീകർത്താവ്

പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ് ഭവൻ, തിരുവനന്തപുരം,
695033

സർ,

വിഷയം - വിവരാവകാശ നിയമം 2005 - വിവരങ്ങൾ ലഭ്യമാക്കുന്നത് സംബന്ധിച്ച്

വിവരാവകാശ നിയമ പ്രകാരം താഴെ പറയുന്ന ചോദ്യങ്ങൾക്കുള്ള മറുപടി ലഭ്യമാക്കണമെന്ന് അപേക്ഷിക്കുന്നു.

1.കോഴിക്കോട് ജില്ലയിൽ താങ്കളുടെ വകുപ്പിൽ ക്ലർക്ക് , സീനിയർ ക്ലർക്ക് , ഹെഡ് ക്ലർക്ക്, ജൂനിയർ സൂപ്രണ്ട് , സീനിയർ സൂപ്രണ്ട് എന്നീ തസ്തികയിലോ സമാന തസ്തികയിലോ നിലവിലുള്ള ഒഴിവുകൾ തസ്തിക തിരിച്ച് ലഭ്യമാക്കുക

2. മേൽ ഒഴിവുകൾ പി.എസ്.സി യിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ. ഉണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും ഫയൽ നമ്പറും തിയ്യതിയും.

3. സീനിയർ ക്ലർക്ക് , ഹെഡ് ക്ലർക്ക്, ജൂനിയർ സൂപ്രണ്ട് , സീനിയർ സൂപ്രണ്ട് എന്നീ തസ്തികകളിൽ നിലവിലുള്ള ഒഴിവുകൾ പ്രമോഷൻ വഴി നികത്തേണ്ടതാണോ . ആണെങ്കിൽ പ്രസ്തുത പ്രമോഷൻ നടത്തുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ. ഉണ്ടെങ്കിൽ എന്താണെന്ന് വ്യക്തമാക്കുക.ആയത് ബന്ധപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ. ഉണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും ഫയൽ നമ്പറും തിയ്യതിയും

P.T.O

4.ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാര വകുപ്പിന്റെ 22488/എ.ആർ 12(1)/2015 ഉ.ഭ.പ.വ നമ്പർ സർക്കുലർ പ്രകാരം അതത് ഓഫീസുകളിൽ വിവിധ തസ്തികളിൽ അതത് മാസം ഉണ്ടാകുന്ന ഒഴിവുകൾ യഥാസമയം പി.എസ്.സി യിൽ റിപ്പോർട്ട് ചെയ്യണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഈ സർക്കുലർ പ്രകാരം ഓരോ ഓഫീസുകളിലും ഉണ്ടാകുന്ന ഒഴിവ് എത്ര ദിവസത്തിനുള്ളിൽ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യണം.ആയതിൻ പ്രകാരം താങ്കളുടെ ഓഫീസിലും താങ്കളുടെ കീഴിലുള്ള ഓഫീസുകളിലും ഇപ്പോൾ നിലവിലുള്ള ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ. ആയതിന്റെ വിവരങ്ങളും ഫയൽ നമ്പറും തിയ്യതിയും

5.ഓരോ മാസവും താങ്കളുടെ ഓഫീസിൽ നിന്നും താങ്കളുടെ കീഴിലുള്ള മറ്റ് ഓഫീസുകളിൽ നിന്നും റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകൾ പി.എസ്.സി യിലേക്ക് റിപ്പോർട്ട് ചെയ്യുന്നതിന് ഉത്തരവാദിത്വപ്പെട്ട ഉദ്യോസ്ഥന്റെ പേരും തസ്തികയും ഫോൺ നമ്പറും ലഭ്യമാക്കുക

6. 2018 മാർച്ച് മാസം 31 വരെ താങ്കളുടെ ഓഫീസിലും താങ്കളുടെ കീഴിലുള്ള മറ്റ് ഓഫീസുകളിലും വിവിധ തസ്തികളിൽ വിരമിക്കുന്ന ഉദ്യോഗസ്ഥരുടെ വിവരം തസ്തിക തിരിച്ച് ലഭ്യമാക്കുക

7. 17/08/2016 തിയ്യതിയിലെ ഉദ്യോഗസ്ഥ പരിഷ്ക്കരണ വകുപ്പിന്റെ സി3/104/2014/പി &എ.ആർ.ഡി നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 2017/18 വർഷത്തിൽ താങ്കളുടെ വകുപ്പിൽ ഉണ്ടാകാനിടയുള്ള പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി യിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ. ഉണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും ഫയൽ നമ്പറും തിയ്യതിയും

8. 2015 ഏപ്രിൽ 1 മുതൽ നാളിതു വരെ താങ്കളുടെ വകുപ്പിൽ നിന്നും എത്ര ഒഴിവുകൾ പി.എസ്.സി യ്ക്കു റിപ്പോർട്ട് ചെയ്തു.ആയതിൽ എത്ര ഒഴിവിലേക്ക് പി.എസ്.സി അഡ്വൈസ് അയച്ചു. ആയതിന്റെ വിവരങ്ങളും ഫയൽ നമ്പറും തിയ്യതിയും

വിശ്വസ്ഥതയോടെ

Celine 15/3/18

സെലിൻ ജോസ്